QP CODE: 19101843

Reg No : .....

Name : .....

B A DEGREE (CBCS) EXAMINATION, MAY 2019

Second Semester

Common course II - **ML2CCT08 - കവിതയും നാടകവും**

2017 ADMISSION ONWARDS

B701DB9B

Maximum Marks: 80 **Time: 3 Hours**

പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം.

1. സീതയെ ആടയാഭരണങ്ങൾ അണിയിച്ചൊരുക്കുന്ന പ്രകൃതിയെപ്പറ്റി കുമാരനാശാൻ നൽകുന്ന ചിത്രം എന്ത്?
2. പരിചാരികമാരെ കൺകളാൽ ബലാൽസംഗം ചെയ്യുമെൻ തോഴൻമാരേ, ' കവി ലക്ഷ്യം വയ്ക്കുന്നതെന്ത്?
3. മകനേ നീ നാട്ടു പൗരനാകാതൊരു മനുഷ്യനായ് ത്തന്നെ വളരൂ.... വ്യംഗ്യാർത്ഥം എഴുതുക
4. എന്റെ ചങ്കിൽ ഇപ്പോഴുമുണ്ട് ആ സ്വപ്നത്തിന്റെ അടയാളം' ഏത് സ്വപ്നം? വ്യക്തമാക്കുക.
5. ' തുടങ്ങിയവർ ' എന്ന കവിതയിൽ നാലാമന്റെ കണ്ണുകളുടെ തിളക്കത്തിന്റെ കാരണമായി കവി പറയുന്നതെന്ത്?
6. മരിച്ചു നോക്കുമ്പോൾ എന്ന കവിതയുടെ പ്രമേയം എന്ത്?
7. സാഹിത്യകാര പരിചയം നടത്തുക. 'എസ്.കലേഷ് '
8. കഥാപാത്ര നിരൂപണം നടത്തുക - ഓരോരോ കാലത്തിലും - 'മാധവി '
9. കഥാപാത്ര നിരൂപണം നടത്തുക . ഓരോരോ കാലത്തിലും - ' വനിതാ പോലീസ് '
10. കൽപകശ്ശേരി.- ഹാവു, സമാധാനായ് . താത്രിക്ക് പെൺകൊട തരാവുംന്ന് നിരീച്ചതല്ല. എന്തുകൊണ്ട്?

11. വാതിലിൽ ആഞ്ഞ് ചവിട്ടുന്നു.രാമൻ പേടിച്ചരണ്ട് പുറത്തു പോകുന്നു .നമ്പ്യാത്തൻ നമ്പൂതിരികടന്നു വരുന്നു) കാമവെറി പൂണ്ട നമ്പൂതിരി (പുരുഷ) സമൂഹത്തിന്റെ പ്രാതിനിധ്യം ഈ വരികളെ ആസ്വദമാക്കി വ്യക്തമാക്കുക

12. ' അങ്ങെന്തിനാങ്ങനെ പരിഭ്രമിക്കണെത്?പടിയടച്ച് പിണ്ഡം വെച്ചാൽ തീർന്നില്യേ ..... ഞങ്ങടെ ഒക്കെ സ്ഥിതി അതാണോ?" വക്താവാര്? യാഥാർത്ഥ്യം എന്ത്?

(10×2=20)

പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.

13. ജീവിതത്തിന്റെ വഴുവഴുക്കുന്ന മധുരം വിഷം തന്നെയാണെന്ന കവിയുടെ തിരിച്ചറിവാണ് 'വിഷഗ്രന്ഥി ' എന്ന കവിതയെ ശ്രദ്ധേയമാക്കുന്നത്.വ്യക്തമാക്കുക

14. ഉണങ്ങിക്കരിഞ്ഞ ഗ്രീഷ്മത്തിന്റെ സൗന്ദര്യത്തെ ഏറ്റുവാങ്ങിയാണ് അയ്യപ്പന് കണ്ണീർ പൂക്കുന്നത്.വ്യക്തമാക്കുക

15. ഛന്ദസ്സ്, പദഘടന, ആഖ്യാനം തുടങ്ങി എല്ലാ സൂക്ഷ്മ ഘടകങ്ങളിലും മുദ്ര പതിപ്പിച്ച കവിയാണ് കെ.ആർ.ടോണി. സമർത്ഥിക്കുക

16. ഭാഷയ്ക്കുള്ളിലും അല്ലാതെയുമുള്ള ഏതു കിണർ കുഴിക്കലിൻറ്റെയും ലക്ഷ്യം വെള്ളം കാണലല്ല, ഒരു വേനലിലും വറ്റാത്ത ജീവന്റെ ആദിമബന്ധം പുനഃസ്ഥാപിക്കലാണ്. അനിത തമ്പി'യെ ഉദ്ധരിച്ച് സമർത്ഥിക്കുക.

17. വെറും നാലു കണ്ണുകൾ കൊണ്ട്, ഓട്ടത്തെ നമുക്ക് വാൽനക്ഷത്രമാക്കാം..... ലക്ഷ്യാർത്ഥം എന്ത്?

18. താത്രിക്കുട്ടിയുടെ ' ആട്ട ' താൽപര്യങ്ങൾ നാടകത്തിൽ നിന്ന് എടുത്തെഴുതുക

19. സങ്കടപ്പെടാതിരിക്ക്, ഒക്കെയെനിക്കറിയാം. നീയിപ്പഴും കുട്ട്യാ.. വകതിരിവില്ലാത്ത പ്രായം. ഞാനത്രയേക്ക കണക്കാക്കീട്ടുള്ളു. 'സന്ദർഭമെഴുതുക

20. നോട്ടുകുറിക്കുക. - സ്ത്രീ നാടകവേദി

21. സ്ത്രീ നാടകവേദിക്ക് ശ്രീജ നൽകിയ സംഭാവനകൾ വിലയിരുത്തുക

(6×5=30)

പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും 15 മാർക്ക് വീതം.

22. ദമിതമായ മാതൃഭാവ'ത്തിന്റെ കവയിത്രിയാണ് സുഗതകുമാരി. ഉപന്യസിക്കുക

23. ദളിത് സാഹിത്യം മലയാളത്തിൽ.' പഠിച്ചിട്ടുള്ള കവിതകളെ ആസ്പദമാക്കി ഉപന്യസിക്കുക

24. 'ഇതെനിക്ക് അസാധ്യമാണ്. എന്റെ ഈ ദുർബലതയാണ് എന്റെ ശക്തി. 'പെൺകുട്ടിയുടെ ഈ വാക്കുകളിൽ ഊന്നിക്കൊണ്ട് ശ്രീജയുടെ ' ഓരോരോ കാലത്തിലും ' സ്ത്രീശക്തിയുടെ വിളംബരമാണെന്ന് വിലയിരുത്തുക

25. സ്ത്രൈണ സങ്കല്പങ്ങളുടെ രംഗാവിഷ്കാരമാണ് ശ്രീജയുടെ നാടകങ്ങൾ.' ഓരോരോ കാലത്തിലും ' എന്ന നാടകത്തെ മുൻനിർത്തി ചർച്ച ചെയ്യുക

(2×15=30)